## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്തചോദ്യം നമ്പർ: 5513 — 01.07.2014-ൽ മറുപടിയ്ക്ക്

### പ്രീമെട്രിക് ഹോസ്റ്റൽ, എം.ആർ.എസ്സ്. എന്നിവയ്ക്ക് കെട്ടിട നിർമ്മാണം

**ചോദ്യം**
**ശ്രീ.കെ.വി.വിജയദാസ്**

**മറുപടി**
**കുമാരി.പി.കെ.ജയലക്ഷ്മി**
**(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | പട്ടികവർഗ്ഗ വികസന വകുപ്പിനു മുന്നിൽ എത്ര പ്രീമെട്രിക് ഹോസ്റ്റലുകൾ നിർമ്മാണത്തിന്റെയും എം.ആർ.എസ് നിർമ്മാണത്തിന്റെയും പ്രൊപ്പോസലുകൾ നിലവിലുണ്ട്; ജില്ല തിരിച്ചുള്ള വിശദവിവരങ്ങൾ നൽകുമോ; | എ) | 5 പ്രീമെട്രിക് ഹോസ്റ്റലുകൾ, 3 വിവിധോദ്ദേശ്യ ഹോസ്റ്റലുകൾ, 12 മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ എന്നിവ നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പരിഗണനയിലുണ്ട്. അവയുടെ വിശദാംശങ്ങൾ അനുബന്ധം 1- ആയി ചേർത്തിരിക്കുന്നു. |
| ബി) | പാലക്കാട് ജില്ലയിൽ മേൽപ്രകാരം എത്ര പ്രൊപ്പോസലുകൾ നിലവിലുണ്ട്; വിശദവിവരങ്ങൾ നൽകുമോ; | ബി) | പാലക്കാട് ജില്ലയിൽ പുതൂരിൽ 100 പെൺകുട്ടികൾക്കായി പ്രീമെട്രിക് ഹോസ്റ്റൽ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ കേന്ദ്ര സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. അനുമതി ലഭിയ്ക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തന നടപടികൾ ആരംഭിക്കുന്നതാണ്. കൂടാതെ പറമ്പിക്കുളത്ത് ആൺകുട്ടികൾക്കുള്ള സ്വന്തം പ്രീമെട്രിക് ഹോസ്റ്റലിന്റെ നിർമ്മാണം പൂർത്തീകരണ ഘട്ടത്തിലാണ്. അട്ടപ്പാടിയിൽ കാവുണ്ടിക്കൽ എന്ന സ്ഥലത്ത് ഒരു പോസ്റ്റ് മെട്രിക് ഹോസ്റ്റൽ ആരംഭിക്കുന്നതിന് കെട്ടിടം സജ്ജീകരിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി) | സമയബന്ധിതമായി ടി കെട്ടിടങ്ങളുടെ പണി പൂർത്തിയാക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; | സി) | മേൽപ്പറഞ്ഞ പ്രകാരമുള്ള പ്രൊപ്പോസലുകൾ അനുസരിച്ചുള്ള കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിന് നിർമ്മാണ ഏജൻസികളുമായി നിരന്തരം അവലോകന യോഗങ്ങൾ നടത്തി പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| ഡി) | കെട്ടിടങ്ങൾ പണിയുന്നതിന് ഭൂമി വിട്ടുകിട്ടുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | ഡി) | സ്വീകരിച്ചു വരുന്നു. സർക്കാർ സ്ഥലം ലഭ്യമല്ലാത്ത ഇടങ്ങളിൽ ഭൂമി വിലയ്ക്ക് വാങ്ങുന്നതിനു നടപടി സ്വീകരിച്ചിട്ടുണ്ട്. |
| ഇ) | മുൻകാലങ്ങളിൽ ഭൂമി ലഭിച്ചിട്ടുള്ളതിന്റെ ഉത്തരവുകൾ വകുപ്പിൽ ലഭ്യമാകുമോ; എങ്കിൽ ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പുകൾ നൽകുമോ? | ഇ) | ലഭ്യമായ ഉത്തരവുകളുടെ പകർപ്പ് അനുബന്ധം II&III ആയി ചേർക്കുന്നു. |

Haripriya

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**